പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4281 | 24/10/2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**സർക്കാർ ആംബുലൻസ് സൗകര്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ വച്ച് മരണമടയുന്ന രോഗികളുടെ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിന് ആംബുലൻസ് സൗകര്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ ആശുപത്രികളിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | എ) | സർക്കാർ ആശുപത്രിയിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹം ബന്ധുക്കൾക്ക് കൊണ്ടുപോകാൻ നിവർത്തിയില്ലാത്ത സാഹചര്യത്തിൽ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിനുള്ള ചുമതല ആശുപത്രിഅധികാരികൾക്കാണ്. |
| ബി) | പലപ്പോഴും സർക്കാർ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്തത് കാരണം പരേതരുടെ ബന്ധുക്കൾക്കും മറ്റും സ്വകാര്യ ആംബുലൻസ് സർവ്വീസുകളെ ആശ്രയിക്കേണ്ടിവരാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | എങ്കിൽ അപ്രകാരമുള്ള ചെലവ് വഹിക്കുന്നതിന് നിർദ്ധനരായവർക്ക് പലപ്പോഴും കഴിയാറില്ലെന്ന | | |

| | | | |
|---|---|---|---|
| | വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | സർക്കാർ ആശുപത്രികളിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹം യഥാസമയം കൊണ്ടുപോകുന്നതിന് ആശുപത്രികളിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത പക്ഷം സ്വകാര്യ ആംബുലൻസ് സർവ്വീസുകളെ ആശ്രയിക്കേണ്ടിവരുന്ന നിർദ്ധനരായവരെ സഹായിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലൊരു പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ? | ഡി) | നിർദ്ധനരായവർക്ക് ആംബുലൻസ് സൗകര്യം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ